**ഗ്രാമ ന്യായാലയ, ഇരിക്കൂർ.**
**സാന്നിദ്ധ്യം: ശ്രീ. ശ്രീജയൻ വി, ന്യായാധികാരി , ഇരിക്കൂർ.**
**തീയ്യതി 2026 മാർച്ച് 16 (1947 ഫാൽഗുനം 25)**

**എം.സി. 13/2023**

| | | |
|---|---|---|
| ഹരജിക്കാരി | : | നജ്മ പി പി, D/o അബൂബക്കർ വയസ്സ് 36, "സഫാസ്" , കുട്ടിൻകുന്ന്, പി.ഓ. മയ്യിൽ, കണ്ണൂർ ജില്ല [ മയ്യിൽ പോലീസ് സ്റ്റേഷൻ പരിധി ] [അഡ്വക്കേറ്റ് ശ്രീ എം ഗോവിന്ദൻ കുട്ടി ] |
| എതൃകക്ഷി | : | അബ്ദുൾ ഖാദർ, S/o അബൂബക്കർ , വയസ്സ് 47,ചിറമ്മൽ പുതിയപുരയിൽ ഹൗസ് , പി.ഓ കണ്ടക്കൈ , മയ്യിൽ , കണ്ണൂർ [ മയ്യിൽ പോലീസ് സ്റ്റേഷൻ പരിധി ] [അഡ്വക്കേറ്റ് ശ്രീ കെ സുകുമാരൻ ] |
| കുറ്റകൃത്യം/വകുപ്പ് | : | 2005 ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം 12-ാം വകുപ്പ് |
| വിധി/ഉത്തരവ് | : | ഹരജി ഭാഗികമായി അനുവദിച്ചിരിക്കുന്നു |

**ഉത്തരവ്**

Section 12 Protection of Women from Domestic Violence Act പ്രകാരം ബോധിപ്പിക്കുന്ന ഹരജിയാണ്

1. ഈ കേസിലെ ഹർജിക്കാരിയും എതിർകക്ഷിയും 27.5.2004 തീയതി മുസ്ലീം മത ആചാര പ്രകാരം വിവാഹിതരായിട്ടുള്ളതും ടി ബന്ധത്തിൽ രണ്ടു കുട്ടികൾ ഉള്ളതുമാണ് . വിവാഹശേഷം ഈ കേസിലെ ഹർജിക്കാരിയുടെ വീട്ടിലാണ് 12 വർഷത്തോളം ഇരുവരും കഴിഞ്ഞു വന്നിട്ടുള്ളത്. ഈ കേസിലെ എതിർകക്ഷി ഒരു സംശയ രോഗിയാണ് എപ്പോഴും ഹർജിക്കാരിയുടെ ചാരിത്ര്യത്തെ

സംശയിച്ചിട്ടുള്ളതാണ്. ആയതിൽ ഹർജിക്കാരിക്ക് മനോവിഷമം ഉണ്ടായിട്ടുള്ളതാണ്. ഈ കേസിലെ ഹർജിക്കാരിക്ക് വിവാഹ സമയം 25 പവൻ സ്വർണം വീട്ടുകാർ നൽകിയിട്ടുള്ളതാണ്. ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും ഒരു വീട് വെക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ആയത് പ്രകാരം ഇരുവരും, ഹർജിക്കാരിയുടെ സ്വർണാഭരണം വിറ്റും, എതിർകക്ഷി കൊണ്ടു വന്ന പൈസ കൊണ്ടും റീ സർവേ 157 കയരളം അംശം, ഇരുവാപ്പുഴ നമ്പ്രം ദേശത്ത് 5.53 ആർ വസ്തു തളിപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസ് 142/2013 ദാനാധാര പ്രകാരം എതിർകക്ഷിയുടെ സഹോദരനായ ആലിക്കുഞ്ഞ് എന്നിവരിൽ നിന്നും വാങ്ങിയിട്ടുള്ളതാണ് ടി വസ്തുവിന് പ്രതിഫലം ആലിക്കുഞ്ഞ് എന്നിവർ കൈപ്പറ്റിയിട്ടുള്ളതാണ്. സ്റ്റാമ്പ് ഡ്യൂട്ടിയും മറ്റ് അനുബന്ധ ചിലവുകളും ലാഭിക്കുന്നതിന് വേണ്ടി മാത്രമാണ് ദാനാധാരം എഴുതാൻ തീരുമാനിച്ചത് ഈ കേസിലെ ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും പേരിൽ ദാനാധാരം എഴുതും എന്നാണ് ധാരണ ഉണ്ടായിരുന്നത്. എന്നാൽ ഈ കേസിലെ എതിർകക്ഷിയുടെ പേരിൽ മാത്രം ദാനാധാരം നടത്തി ഹർജിക്കാരിയെ ചതിച്ചിട്ടുള്ളതാണ്. ടി വസ്തുവിൽ ഒരു വീട് വെക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മയ്യിൽ ബ്രാഞ്ചിൽ നിന്നും എതിർകക്ഷിയുടെ പേരിൽ ഒരു ഹൗസിംഗ് ലോൺ ഹർജി പട്ടിക വസ്തു പണയം വെച്ച് എടുത്തിട്ടുള്ളതാണ്. 20 ലക്ഷം രൂപക്ക് വസ്തുവിന്റെ ആധാരം പണയപ്പെടുത്തി എടുത്തിട്ടുള്ളതാണ് അതുകൂടാതെ. മുല്ലക്കൊടി സർവ്വീസ് സഹകരണ ബാങ്ക്, മയ്യിൽ സർവീസ് സഹകരണ ബാങ്ക്,

കുട്ട്യാട്ടൂർ സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും പേർസണൽ ലോൺ എടുത്തിട്ടാണ് ഹർജിക്കാരി വസ്തു വാങ്ങിയത്. ഹർജിക്കാരി കൂട്ടുകാരിൽ നിന്നും വീട്ടുകാരിൽ നിന്നും പൈസ സ്വരൂപിച്ചിരുന്നു. മേൽ പ്രസ്താവിച്ചിരിക്കുന്ന പണം കൂടി ഉപയോഗിച്ച് വീടിന്റെ പണി 2016 വർഷത്തിൽ പൂർത്തിയാക്കിയിട്ടുള്ളതാണ്, ആയതിന് ശേഷവും ഈ കേസിലെ എതിർകക്ഷി തന്റെ സ്വഭാവങ്ങൾ തുടർന്നു കൊണ്ടിരുന്നു. ഈ കേസിലെ എതിർകക്ഷി, ഈ കേസിലെ ഹരജിക്കാരിയെ ദ്രോഹിക്കുകയും. ഹർജിക്കാരിയുടെ ചാരിത്ര്യത്തെ സംശയിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹർജിക്കാരിക്ക് എതിർകക്ഷി സമാധാനം നൽകിയിട്ടില്ല. ആയതിന് ഒരുപാട് സംഭവങ്ങൾ ഉണ്ടായിട്ടുള്ളതാണ്.

2. ഈ കേസിലെ എതിർകക്ഷി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മയ്യിൽ ബ്രാഞ്ചിൽ നിന്നും എടുത്ത ലോൺ തിരിച്ചടയ്ക്കാതെ ബാങ്ക് അധികൃതർ വീട്ടിൽ വന്നിട്ടുള്ളതും ലോണിലേക്ക് മതിയായ ഒരു തുക അടച്ചില്ലെങ്കിൽ ബാങ്ക് വസ്തുവിന്റെ പൊസഷൻ എടുക്കുമെന്നും അറിയിച്ചിട്ടുള്ളതാണ്. ഇപ്രകാരം ഒരു സാഹചര്യത്തിൽ, ഹർജിക്കാരിയുടെ അച്ഛനായ കെ പി അബൂബക്കർ എന്നിവർ 1,50,000 രൂപ ഈ കേസിലെ എതിർകക്ഷിയുടെ ലോൺ അക്കൗണ്ടിലേക്ക് 29.11.2019 തീയ്യതി അടച്ചിട്ടുള്ളതാണ്. ആയതിന് ശേഷവും, ടി കേസിലെ എതിർകക്ഷി ലോൺ അടക്കാതിരുന്നിട്ടുള്ളതാണ്, ആയതിന് ശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ SARFAESI നിയമപ്രകാരം നടപടികൾ എടുത്തിട്ടുള്ളതാണ്. ആയതിന് ശേഷം ഹർജിക്കാരിയും കുട്ടികളും ഹർജിക്കാരിയുടെ മാതാപിതാക്കളുടെ വീട്ടിലേക്ക്

പോയിട്ടുള്ളതാണ് ആയതിന് ശേഷം 10 ലക്ഷം രൂപ ഈ കേസിലെ എതിർകക്ഷി അടച്ചതിന് ശേഷം ബാങ്ക് വസ്തുവിന്റെ പൊസഷൻ എതിർകക്ഷിക്ക് തിരികെ നൽകിയിട്ടുള്ളതും ആണ് ആയതിന് ശേഷം, ഈ കേസിലെ ഹർജിക്കാരിയും കുട്ടികളും ടി വീട്ടിൽ ചെന്നപ്പോൾ, എതിർകക്ഷി അവരെ വീട്ടിൽ കയറാൻ സമ്മതിച്ചിട്ടില്ലാത്തതാണ്. ആയതിന് ശേഷം 11.12.2023 തീയതി, മയ്യിൽ പോലീസ് സ്റ്റേഷൻ മുമ്പാകെ ഈ കേസിലെ ഹർജിക്കാരി ഒരു പരാതി കൊടുത്തിട്ടുള്ളതാണ്. മയ്യിൽ പോലീസ് സ്റ്റേഷനിൽ ഉണ്ടായ തീരുമാന പ്രകാരം 15. 12. 2023 തീയതി മുതൽ ഹർജിക്കാരിയും കുട്ടികളും ടി വീട്ടിൽ താമസമാണ്. ഈ കേസിലെ എതിർകക്ഷിയും ടിയാന്റെ ആളുകളും അവിടെ ഹർജിക്കാരിയെയും കുട്ടികളെയും സമാധാനപരമായി ജീവിക്കാൻ അനുവദിക്കുന്നില്ല. ആയതുകൊണ്ട് ഈ കേസിലെ ഹർജിക്കാരിക്കും കുട്ടികൾക്കും മേൽ നമ്പർ വീട്ടിൽ താമസിക്കുന്നതിന് ഭീഷണിയുള്ളതാണ്. ആയതുകൊണ്ട് Section 19 ,Protection of Women from Domestic Violence Act പ്രകാരം ഉത്തരവിന് വേണ്ടി അപേക്ഷ ഉള്ളതാണ്.

3. ഈ കേസിലെ എതിർകക്ഷി ഹർജി പട്ടിക വസ്തു അന്യാധീനപ്പെടുത്തുവാനും വിൽക്കുവാനും ശ്രമിക്കുന്നുണ്ട് എന്ന വിശ്വസനീയമായ വിവരം ഈ കേസിലെ ഹരജിക്കാരിക്ക് ലഭിച്ചിട്ടുള്ളതാണ്. ടി വസ്തു ഹർജിക്കാരിയുടെയും കൂടെ പൈസ കൊണ്ട് ഉണ്ടാക്കിയിട്ടുള്ള വസ്തുവും ആണ്, ആയത് നിർമ്മിക്കുന്നതിന് ഹർജിക്കാരിയുടെ പിതാവും സാമ്പത്തികമായി സഹായിച്ചിട്ടുള്ളതാണ്. വസ്തുവും

വീട്ടും ഈ കേസിലെ എതിർകക്ഷി വിൽക്കുന്ന പക്ഷം ഹർജിക്കാരിക്ക് അപരിഹാര്യമായ കഷ്ടനഷ്ടങ്ങൾക്ക് ഇടവരുന്നതാണ് ആയത് മറ്റ് യാതൊരു രീതിയിലും നികത്തപ്പെടാൻ സാധിക്കാത്ത നഷ്ടമാണ്. ആയതുകൊണ്ട് ഈ കേസിലെ ഹർജിക്കാരി Section 19 Protection of Women from Domestic Violence Act പ്രകാരം വസ്തു വിൽക്കരുത് എന്നും അന്യാധീനപ്പെടുത്തരുത് എന്നും ഒരു ഉത്തരവ് ലഭിക്കുന്നതിന് അർഹയാണ്. ആയതുപോലെ തന്നെ ഹർജിക്കാരിക്കെതിരെ യാതൊരു രീതിയിലുള്ള ഗാർഹിക പീഡനവും എതിർകക്ഷി നടത്തിപ്പോകരുത് എന്ന് ഒരു ഉത്തരവ് Section 18 Protection of Women from Domestic Violence Act പ്രകാരവും ഒരു ഉത്തരവിന് അപേക്ഷ ഉള്ളതാണ്.

4. ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിക്കും കുട്ടികൾക്കും ചെലവിന് യാതൊരു സംഖ്യയും നൽകുന്നില്ല ഈ കേസിലെ ഹർജിക്കാരിയുടെയും ഒന്നാം എതിർകക്ഷിയുടെയും മൂത്ത മകന് 18 വയസ്സായതിനാൽ ടിയാന് വേണ്ടി ചെലവിന് തുക ആവശ്യപ്പെട്ടിട്ടില്ലാത്തതാണ്. രണ്ടാമത്തെ മകൾ ഫാത്തിമത്ത് സഫ എന്നിവർ ഇപ്പോൾ കണ്ണൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് 1-ൽ പഠിക്കുകയാണ്, ടിയാരിക്ക് പ്രതിമാസം 15000/- രൂപ ആവശ്യമുള്ളതാണ്. ഈ കേസിലെ എതിർകക്ഷി ആരോഗ്യ ദൃഡഗാത്രനായ ഒരു യുവാവാണ്. ടിയാൻ ഗൾഫിൽ സ്ഥിരമായി ജോലിയുള്ള ഒരാളാണ് ടിയാൻ പ്രതിമാസം 1,00,000/- രൂപ ശമ്പളമുള്ളതാണ്. ടിയാന് 15000/- രൂപ പ്രതിമാസം ഈ കേസിലെ

ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മകൾക്ക് നൽകുവാനുള്ള കെൽപ്പ് ഉള്ളതാണ്. ഈ കേസിലെ എതിർകക്ഷി, ഈ കേസിലെ ഹർജിക്കാരിയെ വിവിധ തരത്തിലുള്ള ഗാർഹിക പീഡനങ്ങൾക്ക് വിധേയം ആക്കിയിട്ടുള്ളതാണ്. ആയതിന് നഷ്ടപരിഹാരമായി Section 22 Protection of Women from Domestic Violence Act പ്രകാരം 15 ലക്ഷം രൂപ നഷ്ടപരിഹാരത്തിന് ഹർജിക്കാരിക്ക് അർഹതയുള്ളതാണ്.

5. ആയതുകൊണ്ട് ഈ കേസിലെ ഹർജിക്കാരിയെ യാതൊരു വിധത്തിലും ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കരുത് എന്നും ഈ കേസിലെ ഹർജിക്കാരിയുടെ 25 പവൻ സ്വർണ്ണാഭരണങ്ങൾ തിരികെ നൽകണമെന്നും ഈ കേസിലെ ഹരജിക്കാരിയുടെയും ഒന്നാം എതിർകക്ഷിയുടെയും മകളായ ഫാത്തിമത്ത് സഫ എന്നിവർക്ക് 15000/- രൂപ പ്രതിമാസം ചെലവിന് നൽകണമെന്നും ഈ കേസിലെ ഹരജിക്കാരിക്ക് ഉണ്ടായ ഗാർഹിക പീഡനങ്ങൾക്ക് നഷ്ടപരിഹാരമായി 15 ലക്ഷം രൂപ നൽകണമെന്നാണ് ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

6. ഈ കേസിലെ എതിർകക്ഷി താഴെ പറയും പ്രകാരം ആക്ഷേപം ബോധിപ്പിച്ചിട്ടുള്ളതാണ്. ഈ ആക്ഷേപത്തിൽ ഹർജി നിയമവശാലോ, കാര്യവശാലോ നിലനിൽക്കത്തക്കതല്ല, ഹർജിയിലെ കാര്യങ്ങളെല്ലാം കളവാണ്, ആക്ഷേപത്തിൽ വ്യക്തമായി സമ്മതിക്കുന്നതൊഴികെയുള്ള ഹർജിയിലെ

കാര്യങ്ങളെല്ലാം കളവാണ്. എതിർകക്ഷിയും ഹർജിക്കാരിയും ഭാര്യാഭർത്താക്കന്മാരാണ് എന്നും ടി വിവാഹത്തിൽ രണ്ട് കുട്ടികളുണ്ട് എന്നും, ഉള്ള വസ്തുത ശരിയാണ്. എതിർകക്ഷി സംശയാസ്പദമായ സ്വഭാവത്തിന് ഉടമയായ ഒരാളാണ് എന്നും ഹർജിക്കാരിയുടെ പവിത്രതയിൽ സംശയം ആരോപിച്ച് വഴക്കിടുകയും ചെയ്യാറുണ്ട് എന്നും മറ്റും ഉള്ള ഹരജിയിലെ പ്രസ്താവനകൾ കളവാണ്. ഹർജിക്കാരിയുടെ മാതാപിതാക്കളും ബന്ധുക്കളും കൊടുത്ത 25 പവൻ സ്വർണ്ണാഭരണങ്ങൾ എതിർകക്ഷി എടുത്ത്, ആയത് മുഴുവൻ ഉപയോഗിച്ചാണ് സ്വത്ത് വാങ്ങിയത് എന്നും മറ്റുമുള്ള ഹർജിയിലെ പ്രസ്താവനകൾ കളവാണ്.

7. കയരളം അംശം, ഇരുവാപ്പുഴ നമ്പ്രം ദേശത്ത് 5.35 ആർ വിസ്തീർണ്ണമുള്ള വസ്തു 154/2013 നമ്പർ ദാനാധാര പ്രകാരം ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും കൂട്ടായ പണം ഉപയോഗിച്ചാണ് വാങ്ങിയത് എന്നും പറഞ്ഞാൽ നുണയാണ്. എന്നാൽ എതിർകക്ഷിയുടെ സഹോദരനായ സി പി ആലിക്കുഞ്ഞ് എന്നിവരിൽ നിന്നാണ് ടി വസ്തു വാങ്ങിയത് എന്ന് പറഞ്ഞത് ശരിയാണ്, രജിസ്ട്രേഷനും മറ്റ് ചിലവുകളും കുറയ്ക്കുന്നതിനാണ് ദാനാധാരമാക്കിയത് എന്നും ഹരജിക്കാരിയുടെയും എതിർകക്ഷിയുടെയും പേരിലാണ് വാങ്ങാനിരുന്നത് എന്നും എന്നാൽ എതിർകക്ഷിയുടെ പേരിൽ മാത്രമാണ് വസ്തു വാങ്ങിയത് എന്നും കുടുംബ ജീവിതം ഓർത്താണ് ഹർജിക്കാരിയൊന്നും പറയാതിരുന്നത് എന്നും മറ്റുമുള്ള ഹർജിയിലെ പ്രസ്താവനകൾ ശരിയല്ല .

8. യഥാർത്ഥ സംഗതികൾ ഇപ്രകാരമാണ് എതിർകക്ഷിയുടെ സഹോദരൻ ആലിക്കുഞ്ഞ് എന്നിവർ ഹർജിയിൽ പറയുന്ന സ്വത്ത് ദാനാധാര പ്രകാരം നൽകിയിട്ടുള്ളതാണ്. ഈ കേസിലെ ഹർജിക്കാരി എതിർകക്ഷിയോട് ഹർജിക്കാരിയുടെ ഭവനത്തിൽ താമസിച്ചു വരവേ മനസ്സമാധാനം നൽകാതെ അപമാനിക്കുകയും അവഗണിക്കുകയും ചെയ്തതിനാൽ തൽക്കാലത്തേക്ക് വാടക ക്വാട്ടർസിലേക്ക് താമസം മാറുകയും ചെയ്തിട്ടുള്ളതാണ്. ടി വിഷമകരമായ സാഹചര്യം മനസ്സിലാക്കിയാണ് സഹോദരൻ എതിർകക്ഷിക്ക് വീട് എടുത്ത് താമസിക്കുവാൻ ഹർജി പട്ടിക വസ്തു ദാനം നൽകിയിട്ടുള്ളത്. ആയതിൽ എതിർകക്ഷി സ്വന്തം പൈസ കൊണ്ട് ഭവനം നിർമിച്ച് അവിടെ താമസിച്ച് വരികയാണ് ഉണ്ടായത്, എന്നാൽ എതിർകക്ഷി നാട്ടിലില്ലാത്ത സമയത്ത് അന്യപുരുഷന്മാരെ വീട്ടിൽ കയറ്റി അവിഹിത ബന്ധങ്ങൾ ഉണ്ടാക്കുകയും ആയത് നാട്ടുകാർ അറിഞ്ഞ് എതിർകക്ഷിയോട് ചോദ്യം ചെയ്തപ്പോൾ ഹരജിക്കാരി ഞാൻ എന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കും, നിങ്ങൾ അത് ചോദ്യം ചെയ്യേണ്ട എന്നും മറ്റും പറഞ്ഞിട്ടുള്ളതാണ്. ഹരജിക്കാരി മുല്ലക്കൊടി സർവീസ് സഹകരണ ബാങ്ക്, മയ്യിൽ സർവീസ് ഹകരണ ബാങ്ക്, കുറ്റ്യാട്ടൂർ സർവീസ് സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നും വ്യക്തിഗത ലോണുകൾ എടുത്ത് ഉല്ലാസ യാത്രകൾ പോകുന്നതിനും മറ്റും വേണ്ടിയാണ് ചിലവ് വഹിച്ചിട്ടുള്ളത്. ടി പണം വീട് നിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ലാത്തതാണ്. എതിർകക്ഷി ഗൾഫിൽ ചെറിയ ഒരു സെയിൽസ്മാൻ ആയി ജോലി ചെയ്തു വരികയാണ്. പ്രതിമാസം 20,000/-

രൂപ മാത്രമേ ശമ്പളമായി ലഭിക്കുന്നുള്ളൂ, ആയത് എതിർകക്ഷിയുടെ ചിലവിന് തന്നെ തികയുന്നില്ല. എതിർകക്ഷിയുടെ സഹോദരി ആയിഷ എന്നിവരുടെ ഭർത്താവ് മരിച്ചു പോയിട്ടുള്ളതാണ്. ടിയാരിക്ക് 5 മക്കളുള്ളതാണ് എതിർകക്ഷിയുടെ ഉമ്മയോ ഉപ്പയോ ജീവിച്ചിരിപ്പില്ല, ആയതുകൊണ്ട് അവരെക്കൂടെ എതിർകക്ഷി സംരക്ഷിക്കുന്നുണ്ട്. വിവാഹ സമയത്ത് 15 പവൻ സ്വർണ്ണം ഹർജിക്കാരി അണിഞ്ഞിരുന്നു, ആയത് ഹർജിക്കാരിയുടെ സഹോദരിയുടേതാണ് കുറച്ച് ദിവസങ്ങൾക്ക് ശേഷം ആയത് ഹരജിക്കാരിയിൽ നിന്നും. സഹോദരി എതിർകക്ഷിയുടെ മുന്നിൽ വെച്ച് തിരിച്ചു വാങ്ങിച്ചിട്ടുണ്ട്. ഹരജിക്കാരി കമ്പിൽ 4-ാം പീടികയിൽ ലിംറാ ഫാഷൻസ് എന്ന പേരിൽ ടൈലറിങ്ങ് ഷോപ്പ് ആരംഭിക്കുകയും അത് മതിയാക്കി ഇപ്പോൾ തളിപ്പറമ്പ് മന്നയിൽ ഒരു ബ്യൂട്ടി പാർലറിൽ ദിവസം 800 രൂപ വരുമാനത്തിൽ 3 വർഷത്തിലധികമായി ജോലി ചെയ്തു വരുന്നുണ്ട്. ഹരജിക്കാരിയുടെ പേരിൽ ഒരു കാറും 2 ടൂ വീലറും ഉണ്ട്. എതിർകക്ഷിക്ക് ഇപ്പോൾ 50 വയസ്സായി ജോലി മതിയാക്കി നാട്ടിൽ വരാൻ ഉള്ള തയ്യാറെടുപ്പിലാണ്. ഹർജിക്കാരിയെയും കുട്ടികളെയും കൂട്ടിക്കൊണ്ടുപോവുകയും കൂടെ താമസിപ്പിക്കാൻ എതിർകക്ഷി ഒരുക്കമാണ്. ആയത് കൊണ്ട് ഹർജി പ്രകാരം യാതൊരു നിവർത്തിയും ലഭിക്കുവാൻ ഹർജിക്കാരിക്ക് അർഹത ഇല്ല , ആയത് കൊണ്ട് ഹർജി തള്ളി ഒരു ഉത്തരവ് ഉണ്ടാകേണ്ടതാണ്.

9. മേൽ നമ്പർ ഹർജി ആദ്യം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് III, കണ്ണൂർ മുമ്പാകെ M. C. 2/2023 നമ്പറായി ഫയലിൽ എടുത്തിട്ടുള്ളതാണ്. ആയതിന് ശേഷം ബഹുമാനപ്പെട്ട തലശേരി പ്രിൻസിപ്പാൾ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് ജഡ്ജ് അവർകളുടെ ഉത്തരവ് പ്രകാരം മേൽ നമ്പർ നമ്പർ കേസ് ഈ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതും MC13/2023 നമ്പറായി റീ നമ്പർ ചെയ്തിട്ടുള്ളതുമാണ്.

10. ആയതിന് ശേഷം ഹർജിക്കാരിയെ എതിർവിസ്താരം ചെയ്തിട്ടുള്ളതും ആയതിന് ശേഷം ഹർജിക്കാരിയെ റീക്കോൾ ചെയ്ത് വിസ്തരിച്ചിട്ടുള്ളതും Ext. P1 മുതൽ P 13 വരെ മാർക്ക് ചെയ്തിട്ടുള്ളതുമാണ്. ആയതിന് ശേഷം ഈ കേസിലെ എതിർകക്ഷിയുടെ സഹോദരനായ ആലിക്കുഞ്ഞ് എന്നിവരെ RW1 ആയി വിസ്തരിച്ചിട്ടുള്ളതും, Ext. D1,D2 എന്നിവ മാർക്ക് ചെയ്തിട്ടുള്ളതുമാണ്

11. ഇരുഭാഗവും കേട്ടു, രേഖകൾ പരിശോധിച്ചു.

12. ഈ കേസിൽ താഴെ പറയും പ്രകാരം തർക്ക വിഷയങ്ങൾ ഈ കോടതി മുമ്പാകെ പരിഗണനക്ക് വന്നിട്ടുള്ളതാണ്.

i) ഈ കേസിലെ ഹർജിക്കാരിയെ എതിർകക്ഷി യാതൊരു രീതിയിലും ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആക്കരുത് എന്ന് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

ii) ഈ കേസിലെ എതിർകക്ഷി ഹരജിപ്പട്ടിക വസ്തു വിൽക്കരുത് എന്നും അന്യാധീനപ്പെടുത്തരുത് എന്നും ആയതിനെ സംബന്ധിച്ച് കരണങ്ങളൊന്നും സൃഷ്ടിച്ച് പോകരുത് എന്നും ഹർജിക്കാരി സമാധാനപരമായി ഹർജി പട്ടിക വസ്തു കൈവശം വെക്കുന്നത് തടസ്സപ്പെടുത്തരുത് എന്നും എതിർകക്ഷി ഹരജിപ്പട്ടിക വസ്തുവിൽ കയറി പോവരുത് എന്നും ഹർജിക്കാരിയെ ഹർജി പട്ടിക വസ്തുവിൽ നിന്നും പുറത്താക്കുന്നത് തടഞ്ഞുകൊണ്ടും ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

iii) ഈ കേസിലെ ഹരജിക്കാരിയുടെ 25 പവൻ സ്വർണ്ണമോ ആയതിന് തത്തുല്യമായ സ്വർണ്ണത്തിന്റെ ഇന്നത്തെ മാർക്കറ്റ് വിലയോ എതിർകക്ഷിയിൽ നിന്നും തിരികെ ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുണ്ടോ?

iv) ഈ കേസിലെ ഹരജിക്കാരിയുടെയും ഒന്നാം എതിർകക്ഷിയുടെയും മകളായ ഫാത്തിമത്ത് സഫ എന്നിവർക്ക് പ്രതിമാസം 15000/- രൂപ ചെലവിന് നൽകുവാനായി ഈ കേസിലെ എതിർകക്ഷിക്ക് ബാധ്യത ഉണ്ടോ?

v) ഈ കേസിലെ ഹരജിക്കാരിക്ക് ഉണ്ടായ ഗാർഹിക പീഡനങ്ങൾ മൂലം ഉണ്ടായ മാനസിക ആഘാതത്തിന് നഷ്ടപരിഹാരമായി 15 ലക്ഷം രൂപ നൽകുവാൻ എതിർകക്ഷിക്ക് ബാധ്യത ഉണ്ടോ?

13. ഈ കേസിലെ ഹരജിക്കാരി ഹരജിക്ക് അനുസൃതമായി ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ബോധിപ്പിച്ചിട്ടുള്ളതാണ്. ടി ആദ്യ വിസ്താര

സത്യവാങ്മൂലത്തിൽ ഹരജിയിലുള്ള പ്രസതാവനകൾ എല്ലാം തന്നെ ഉള്ളതാണ്. അന്യായ പട്ടിക വസ്തു പെരിങ്ങോം എസ് ആർ ഓ 2486/2023 നമ്പർ ആധാര പ്രകാരം എതിർകക്ഷിയുടെ ബിനാമിയും ബന്ധുവുമായ ഷൗക്കത്തലി എന്നിവരുടെ പേരിൽ രേഖ ചെയ്തതായി മനസിലാക്കി എന്നും ഞാനും എതിർകക്ഷിയുമായുള്ള ബന്ധം നിലവിലുള്ളപ്പോൾ വാങ്ങിച്ച വസ്തു ആയത് കൊണ്ടും എന്റെ കൂടെ പൈസ ഉപയോഗിച്ച് വാങ്ങിച്ച വീടായത് കൊണ്ടും പ്രസ്തുത ആധാരം റദ്ദ് ചെയ്യുവാനും വസ്തുവിന്റെയും വീടിന്റെയും യഥാർത്ഥ അവകാശി താൻ ആണ് എന്ന് പ്രഖ്യാപിച്ച് കിട്ടാനും ബഹുമാനപ്പെട്ട കുടുംബ കോടതി മുമ്പാകെ O.P 445/2024 നമ്പർ ആയി എതിർകക്ഷിക്കെതിരെയും ഷൗക്കത്തലി എന്നിവർക്കെതിരെയും ഹരജി ബോധിപ്പിച്ചിട്ടുണ്ട് എന്നും ആയതിൽ ഹരജി ഭാഗം തെളിവ് കഴിഞ്ഞിട്ടുണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. 15.12.2023 തീയ്യതി മുതൽ എതിർകക്ഷിയുമായി വേറിട്ട് താമസിക്കുകയാണ് എന്നും ഹരജിക്കാരിയും മക്കളും താമസിക്കുന്നത് പ്രസ്തുത ഭവനത്തിലാണ് എന്നും പ്രസ്തുത ഭവനം ഒരു ഷെയേർഡ് ഹൗസ് ഹോൾഡ് ആണ് എന്നും ആയത് കൊണ്ട് ഹരജി പട്ടിക ഭവനത്തിൽ എതിർകക്ഷി വന്ന് ഗാർഹിക പീഡനം നടത്തരുത് എന്നും പുറത്താക്കാൻ ശ്രമിക്കുന്നത് തടഞ്ഞ് കൊണ്ട് ഒരു ഉത്തരവ് വേണം എന്നും ആയതിന് അപേക്ഷ ഉണ്ട് എന്നും ഹരജി പട്ടിക ഭവനത്തിൽ കയറി വന്ന് ഹരജിക്കാരിയുടെയും മക്കളുടെയും സ്വസ്ഥമായ ജീവിതം തകർക്കുന്ന യതൊരു രീതിയിലുള്ള കാര്യങ്ങളും ചെയ്ത് പോകരുത് എന്നും ഒരു

പ്രൊട്ടക്ഷൻ ഓർഡർ ലഭിക്കുവാൻ അർഹത ഉണ്ട് എന്നും ആയതിന് അപേക്ഷ ഉണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്.

14. എതിർവിസ്താരത്തിൽ സ്വർണ്ണം വിറ്റതിന് രേഖ ഒന്നും എടുത്ത് വച്ചിട്ടില്ല കണ്ണൂർ കോടതി മുമ്പാകെ OP 145/2024 നമ്പർ ആയി ഒരു കേസ് കൊടുത്തിരുന്നു എന്നും പറഞ്ഞിട്ടുള്ളതാണ്. പാവന്നൂർ മൊട്ട ബ്രാഞ്ച്, കുറ്റ്യാട്ടൂർ സർവീസ് സഹകരണ ബാങ്കിൽ എന്റെ പേരിലാണ് സ്വർണ്ണം പണയം വച്ചത് എന്നും എതിർകക്ഷി മർദ്ദിച്ചതിന് യതൊരു മെഡിക്കൽ രേഖകളും കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്നും 10 ലക്ഷം രൂപ ഭർത്താവാണ് കൊണ്ട് പോയി അടച്ചത് ഞാൻ അദ്ദേഹത്തിന്റെ കയ്യിൽ കൊടുക്കുകയാണ് ഉണ്ടായത് അപ്രകാരം അദ്ദേഹം പൈസ അടച്ചില്ല എന്ന് മയ്യിൽ SBI ബ്രാഞ്ച് മാനേജർ O P 145/2024 നമ്പർ കേസിൽ മൊഴി തന്നപ്പോൾ മാത്രമാണ് മനസിലായത് എന്നും എതിർകക്ഷിക്ക് ഗൾഫിൽ ബിസിനസ്സ് ആണ് എന്ന് എന്നോട് വിവാഹത്തിന്റെ ആദ്യ നാളുകളിൽ പറഞ്ഞിരുന്നു. ഗൾഫിൽ സൂപ്പർ മാർക്കറ്റ് ആണ് എന്നാണ് എന്റെ അറിവ് എന്നും എതിർ വിസ്താരത്തിൽ മൊഴി തന്നിട്ടുള്ളതാണ്.

15. ഈ കേസിലെ എതിർകക്ഷി ഭാഗത്തുനിന്നും ഹരജിക്കാരിയെ മർദ്ദിച്ച തീയതിയോ ആയതിന്റെ മെഡിക്കൽ രേഖയോ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ല എന്നും ഹർജിക്കാരി എതിർവിസ്താരത്തിൽ കൃത്യമായ തീയതി ഓർമ്മയില്ല എന്നും പ്രസ്താവിച്ചിട്ടുണ്ട് എന്നും ഉള്ളതുകൊണ്ട്, ഈ കേസിലെ

ഹർജിക്കാരിയെ ഈ കേസിലെ എതിർകക്ഷി യാതൊരു രീതിയിലും ഉള്ള ഗാർഹിക പീഡനം ഏല്പിച്ചിട്ടില്ല എന്നും, അപ്രകാരമുള്ള ഹരജിയിലെ പ്രസ്താവനകൾ കളവാണ് എന്നും വാദിച്ചു വന്നിട്ടുള്ളതാണ്.

16. ഹർജിക്കാരിയുടെ ശാരീരികമായുള്ള ഗാർഹിക പീഡനം നടത്തി എന്നുള്ള ആരോപണം സാധൂകരിക്കുന്നതിന് യാതൊരു മെഡിക്കൽ രേഖകളോ പരാതികളോ ഈ ഹർജി കൊടുക്കുന്നതിന് മുമ്പ് ഇല്ലാത്തതിനാൽ ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിയെ യാതൊരു രീതിയിലും ഉള്ള ഗാർഹിക പീഡനം ഏല്പിച്ചിട്ടില്ല എന്ന് എതിർകക്ഷി ഭാഗത്തു നിന്നുള്ള വാദത്തിന് പ്രസക്തിയില്ലാത്തതാണ്. ഹർജിക്കാരി തന്റെ എതിർവിസ്താരത്തിൽ കൃത്യമായ തീയതി ഓർമ്മയില്ല എന്ന് പറഞ്ഞിട്ടുള്ളത് ശരിയാണ്. കുട്ടികളെയും കുടുംബ ജീവിതം ഓർത്താണ് അത്ര കാലം പരാതി കൊടുക്കാഞ്ഞത് എന്ന് ഉള്ള ഹർജക്കാരിയുടെ മൊഴി വിശ്വാസയോഗ്യമാണ്. അപ്രകാരം യാതൊരു രേഖയും ഇല്ലാത്തതിനാൽ അപ്രകാരം ശാരീരികമായ ഗാർഹിക പീഡനം നടന്നിട്ടില്ല എന്ന് പറയാൻ സാധിക്കുകയില്ല .ബഹുമാനപ്പെട്ട കേരള ഹൈക്കോടതി A v B 2010 4 KLT 434 എന്ന വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാകുന്നു . *16 "Absence of evidence of the medical expert or admitted absence of a complaint to the medical expert or the police, according to us, would be too meagre, myopic and puerile reasons to discard the evidence about matrimonial physical cruelty"*ഇവിടെ ശാരീരിക പീഡനം നടത്തിയെന്നുള്ള ഹർജിക്കാരിയുടെ

മൊഴിയുടെ ഭാഗം വിശ്വസനീയമാണ്. ആയതുകൊണ്ട് ഹർജിക്കാരിയെ ഈ കേസിലെ എതിർകക്ഷി ശാരീരികമായ ഗാർഹിക പീഡനത്തിന് വിധേയം ആക്കി എന്ന് ഈ കോടതി ഇതിനാൽ കാണുന്നു.

17. ആയതു കൂടാതെ, എതിർകക്ഷി ഭാഗത്ത് നിന്നും ഹർജിക്കാരിയുടെ ചാരിത്ര്യത്തെപ്പറ്റി തെളിവുകളില്ലാതെ അപവാദം പറയുന്നത് ഗാർഹിക പീഡനത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ് എന്ന് ഹർജി ഭാഗത്തു നിന്നും വാദിച്ചു വന്നിട്ടുള്ളതാണ്. എതിർകക്ഷി ഭാഗത്തു നിന്നും ഹർജിക്കാരിയുടെ എതിർവിസ്താരത്തിൽ 12-ാം പേജിൽ റാഷിദ് എന്നിവരുമായി നിങ്ങൾക്ക് ബന്ധമുണ്ട് എന്ന് ഒരു SUGGESTION ചോദിച്ചിട്ടുള്ളതാണ്. ആയതുപോലെ തന്നെ നസീർ ഉസ്താദ് എന്നിവരുമായി നിങ്ങൾക്ക് ബന്ധം ഉണ്ടാവുകയും ആയതിന് ശേഷം നിങ്ങളുടെ വീട്ടുകാർ ഇടവിട്ട് മധ്യസ്ഥ ചർച്ച നടത്തി എന്ന് ഒരു SUGGESTION നൽകിയിട്ടുള്ളതുമാണ്. RW 1 ഫയൽ ആക്കിയ ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ 6-ാം പേജിൽ എതിർകക്ഷി, നാട്ടിൽ ഇല്ലാത്ത അവസരത്തിൽ അന്യപുരുഷന്മാരെ വീട്ടിൽ കയറ്റി അവിഹിത ബന്ധങ്ങൾ ഉണ്ടാക്കുകയും ആയത് നാട്ടുകാർ അറിഞ്ഞ് എതിർകക്ഷിയോട് പറയുകയും ചെയ്തപ്പോൾ ആയതിനെപ്പറ്റി എതിർകക്ഷി ഹർജിക്കാരിയോട് ചോദിച്ച അവസരങ്ങളിൽ എല്ലാം ഞാൻ എന്റെ ഇഷ്ടത്തിന് അനുസരിച്ച് ജീവിക്കും നിങ്ങൾ അത് ചോദ്യം ചെയ്യേണ്ട എന്നും മറ്റും ധിക്കാരപരമായ രീതിയിൽ

സംസാരിക്കുകയും എതിർകക്ഷിയോട് ദേഷ്യപ്പെടുകയുമാണ് ചെയ്യാറുള്ളത് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ആയതുപോലെ തന്നെ, ആക്ഷേപത്തിലെ 4-ാമത്തെ പേജിലും ഇപ്രകാരം ഉള്ള പ്രസ്താവനകൾ ഉള്ളതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി Sabitha Unnikrishnan v Vineet Das 2021/KER/22855 എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ് . 17 Levelling disgusting accusation of unchastity and attributing aspersions of perfidiousness to the wife would undoubtedly amount to worst form of mental cruelty.

18. ഇവിടെ എതിർകക്ഷികൾ ഭാഗത്ത് നിന്നും ഹർജിക്കാരിക്ക് അവിഹിത ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നത് സംബന്ധിച്ച് യാതൊരു തെളിവുകളും കോടതി മുമ്പാകെ നൽകിയിട്ടില്ലാത്തതാണ്. ആയതിന് ഈ കേസിലെ RW 1 ന്റെ മൊഴി മാത്രമേ കോടതി മുമ്പാകെ ഉള്ളൂ അപ്രകാരം തെളിവുകളില്ലാതെ ആരോപണം ഉന്നയിക്കുന്നത് തന്നെ ഒരു Verbal Domestic Violence ആണ്. ആയതുകൊണ്ട് ഈ കേസിലെ ഹർജിക്കാരി ഗാർഹിക പീഡനങ്ങൾക്ക് വിധേയ ആയിട്ടുണ്ട് എന്ന് ഈ കോടതി ഇതിനാൽ കാണുന്നു, ആയതുകൊണ്ട് Section 18 Protection of Women from Domestic Violence Act,2005 പ്രകാരം ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹതയുള്ളതാണ്. ആയത് കൊണ്ട് ഈ കേസിലെ എതിർകക്ഷി ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിച്ചു പോകരുത് എന്ന് ഒരു ഉത്തരവ് ലഭിക്കുന്നതിന് ഹർജിക്കാരിക്ക് അർഹത ഉള്ളതാണ്,

ആയതുകൊണ്ട് തർക്കവിഷയം 1 ഹർജിക്കാരിക്ക് അനുകൂലമായി ഈ കോടതി കാണുന്നു.

19. ഈ കേസിലെ ഹർജിക്കാരിയെ ഹർജി പട്ടിക വീട്ടിൽ താമസിക്കുന്നതിൽ നിന്നും വിലക്കരുത് എന്നും ഈ കേസിലെ എതിർകക്ഷി ആ വീട്ടിൽ നിന്നും ഇറങ്ങണം എന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഹരജിപ്പട്ടിക വസ്തു എതിർകക്ഷി വിൽക്കരുത് എന്നും ആയത് സംബന്ധിച്ച് കാരണങ്ങൾ സൃഷ്ടിക്കരുത് എന്നും ഹർജി ഭാഗത്തു നിന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ആക്ഷേപത്തിൽ എതിർകക്ഷിക്ക് അവകാശവും കൈവശവും ഉണ്ടായിരുന്നതും ഹർജിക്കാരി ഹർജിയിൽ പ്രസ്താവിച്ചതുമായ വീടും പറമ്പും ഈ എതിർകക്ഷി മുൻപേ തന്നെ പുറമെ കൈമാറിയിരിക്കുന്നു എന്നും അതുകൊണ്ട് തന്നെ മേപ്പടി വസ്തുവിൽ ഈ എതിർകക്ഷിക്കോ ഹർജിക്കാരിക്കോ യാതൊരു അവകാശവും നിലവിൽ ഇല്ലാത്തതാണ് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്.

20. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Satish Chander Ahuja vs Sneha Ahuja - 2020 Supreme(SC) 598 എന്ന വിധിയിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. "Now, reverting back to the definition of Section 2(s), the definition can be divided in two parts, first, which follows the word "means" and second which follows the word "includes". The second part which follows "includes" can be further sub-divided in two parts. The first part

reads "shared household means a household where the person aggrieved has lived or at any stage has lived in a domestic relationship either singly or along with the respondent". Thus, first condition to be fulfilled for a shared household is that person aggrieved lives or at any stage has lived in a domestic relationship. The second part subdivided in two parts is- (a) includes such a household whether owned or tenanted either jointly by the aggrieved person and the respondent and owned or tenanted by either of them in respect of which either the aggrieved person or the respondent or both jointly or singly have any right, title, interest or equity and (b)includes such a household which may belong to the joint family of which the respondent is a member, irrespective of whether the respondent or the aggrieved person has any right, title or interest in the shared household. In the above definition, two expressions, namely, "aggrieved person" and "respondent" have occurred. From the above definition, following is clear:- (i) it is not requirement of law that aggrieved person may either own the premises jointly or singly or by tenanting it jointly or singly; (ii) the household may belong to a joint family of which the respondent is a member irrespective of whether the respondent or the aggrieved person has any right, title or

interest in the shared household; and (iii) the shared household may either be owned or tenanted by the respondent singly or jointly.

21. The words "lives or at any stage has lived in a domestic relationship" have to be given its normal and purposeful meaning. The living of woman in a household has to refer to a living which has some permanency. Mere fleeting or casual living at different places shall not make a shared household. The intention of the parties and the nature of living including the nature of household have to be looked into to find out as to whether the parties intended to treat the premises as shared household or not. As noted above, Act 2005 was enacted to give a higher right in favour of woman. The Act, 2005 has been enacted to provide for more effective protection of the rights of the woman who are victims of violence of any kind occurring within the family. The Act has to be interpreted in a manner to effectuate the very purpose and object of theAct. Section 2(s) read with Sections 17 and 19 of Act, 2005 grants an entitlement in favour of the woman of the right of residence under the shared household irrespective of her having any legal interest in the same or not.

22. In paragraph 29 of the judgment, this Court in S.R. Batra vs. Taruna Batra (supra) held that wife is only entitled to claim a right to residence in a shared household and a shared household would only mean the house belonging to or taken on rent by the husband, or the house which belongs to the joint family of which the husband is a member. The definition of shared household as noticed in Section 2(s) does not indicate that a shared household shall be one which belongs to or taken on rent by the husband. We have noticed the definition of "respondent" under the Act. The respondent in a proceeding under Domestic Violence Act can be any relative of the husband. In event, the shared household belongs to any relative of the husband with whom in a domestic relationship the woman haslived, the conditions mentioned in Section 2(s) are satisfied and the said house will become a shared household. We are of the view that this court in S.R. Batra vs. Taruna Batra (supra) although noticed the definition of shared household as given in Section 2(s) but did not advert to different parts of the definition which makes it clear that for a shared household there is no such requirement that the house may be owned singly or jointly by the husband or taken on rent by the husband. The observation of this Court in S.R. Batra vs. Taruna Batra (supra) that definition of shared household in Section 2(s) is not very happily

worded and it has to be interpreted, which is sensible and does not lead to chaos in the society also does not commend us. The definition of shared household is clear and exhaustive definition as observed by us. The object and purpose of the Act was to grant a right to aggrieved person, a woman of residence in shared household. The interpretation which is put by this Court in S.R. Batra Vs. Taruna Batra (supra) if accepted shall clearly frustrate the object and purpose of the Act. We, thus, are of the opinion that the interpretation of definition of shared household as put by this Court in S.R. Batra Vs. Taruna Batra (supra) is not correct interpretation and the said judgment does not lay down the correct law.

23. ഇവിടെ ഹർജി ഭാഗത്തു നിന്നും ബോധിപ്പിച്ചിട്ടുള്ള ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ 26.12.2013 തീയതിക്ക് മാത്രമാണ് ഹരജി പട്ടിക വസ്തുവും ഭവനവും പെരിങ്ങോം സബ് രജിസ്ട്രാർ ഓഫീസ് 2486/2023 നമ്പർ ആധാരപ്രകാരം എതിർകക്ഷിയുടെ ബിനാമിയും ബന്ധുവും ആയ ഷൗക്കത്തലി എന്നിവരുടെ പേരിൽ രേഖ ചെയ്തതായി മനസ്സിലാക്കിയത്. പ്രസ്തുത ആധാരം റദ്ദ ചെയ്യുവാനും വസ്തുവിന്റെയും വീടിന്റെയും യഥാർത്ഥ അവകാശി താനാണ് എന്ന് പ്രഖ്യാപിച്ചു കിട്ടുവാനും ബഹുമാനപ്പെട്ട കുടുംബ കോടതിയിൽ, OP. 145/2024 ആയി എതിർകക്ഷിക്ക് എതിരെയും ഷൗക്കത്തലി എന്നിവർക്ക് എതിരെയും ഹർജി ബോധിപ്പിച്ചിട്ടുണ്ട് എന്നും പ്രസ്താവിച്ചുള്ളതാണ് . ഹരജിപ്പട്ടിക വസ്തുവിന്റെ

Right title or interest ഈ കോടതിയുടെ പരിഗണനാ വിഷയം അല്ല. ഇവിടെ ഹർജി ഭാഗത്ത് നിന്നും തന്നെ ഈ കേസിലെ എതിർകക്ഷി ഹർജി പട്ടിക വസ്തു, ഷൗക്കത്തലി എന്ന ഒരു ആളുടെ പേരിൽ രേഖ ചെയ്തതായി സമ്മതിച്ചിട്ടുള്ളതിനാൽ ഹർജി പട്ടിക വസ്തു വിൽക്കരുത് എന്ന് ഒരു ഉത്തരവ് ലഭിക്കുവാൻ ഹർജിക്കാരിക്ക് അർഹത ഉണ്ടോ എന്നുള്ളത് ഈ കോടതി മുമ്പാകെ ഒരു പരിഗണനാ വിഷയം അല്ലാത്തതാണ്. ഈ കോടതി മുമ്പാകെ ഹർജി പട്ടിക വസ്തു ഒരു shared household ആണോ എന്നുള്ളതാണ് പരിഗണനാ വിഷയം. ഇവിടെ ഹർജി പട്ടിക വസ്തുവിലും ഭവനത്തിലും 2016 മുതൽ താമസമാണ് എന്നാണ് ഹർജി ഭാഗത്ത് നിന്നും ഉള്ള വാദം. ഇപ്പോഴും ഹർജി പട്ടിക വസ്തുവിലും ഭവനത്തിലുമാണ് താമസം എന്ന് തന്നെയാണ് ഹർജി ഭാഗത്ത് നിന്നുമുള്ള ഹർജി ഭാഗം കേസ് ആയതുകൊണ്ട് ഹർജിപ്പട്ടിക ഭവനത്തിൽ എതിർകക്ഷി വന്ന് ഗാർഹിക പീഡനം നടത്തരുത് എന്നും ഹർജിക്കാരിയെ പുറത്താക്കാൻ ശ്രമിക്കുന്നത് തടഞ്ഞുകൊണ്ടും ഒരു ഉത്തരവ് വേണമെന്നാണ് ഹർജി ഭാഗത്ത് നിന്നും ആവശ്യപ്പെട്ടിട്ടുള്ളത്. ആയതുപോലെ തന്നെ, ഹർജി പട്ടിക ഭവനത്തിൽ കയറി വന്ന് ഹർജിക്കാരിയുടെയും മക്കളുടെയും സ്വസ്ഥമായ ജീവിതം തകർക്കുന്ന രീതിയിൽ യാതൊരു പ്രവർത്തിയും ചെയ്തു പോകുന്നതിൽ നിന്നും എതിർകക്ഷിയെ വിലക്കി ഒരു ഉത്തരവ് വേണമെന്നും ഹർജി ഭാഗത്ത് നിന്നും ആവശ്യപ്പെട്ടിട്ടുള്ളതാണ്. Ext. P 13 രേഖപ്രകാരം 1-2-2024 തീയതി ഈ കേസിലെ ഹർജിക്കാരി, മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C എന്ന

വീടിന്റെ വാതിൽ തുറന്നു തന്നു എന്നും. ടി വീട്ടിൽ വസ്തുക്കൾ, പാത്രങ്ങൾ എന്നിവ ഉണ്ടായിരുന്നു എന്നും. ടി വസ്തു ഒരു പുരയിടമാണ് എന്നും ടി വസ്തുവിൽ MP IV 422 C നമ്പർ വീട് ഉണ്ടായിരുന്നു എന്നും OP 145/2024 IA 3/2024 നമ്പർ കേസിലെ അഡ്വക്കേറ്റ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ഇവിടെ എതിർകക്ഷി ഭാഗത്തു നിന്നും ഹർജിക്കാരി ടി വീട്ടിൽ എതിർകക്ഷിയുടെ അനുജനായ റാഷിദ് എന്നിവരുടെയും മറ്റും സഹായത്തോടു കൂടി അകത്ത് കയറിയതാണ് എന്ന് വാദിച്ചിട്ടുള്ളതാണ്. എങ്കിലും അപ്രകാരം തെളിയിക്കുന്നതിന് യാതൊരു തെളിവും കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതാണ്. ഇവിടെ Ext. P3 രേഖയുടെ അടിസ്ഥാനത്തിലും ഹർജിക്കാരിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും ഹർജിക്കാരി ഹർജി പട്ടിക വസ്തുവിൽ തന്നെയാണ് ഇപ്പോഴും താമസിച്ചു വരുന്നത് എന്ന് ഈ കോടതി ഇതിനാൽ കാണുന്നു. ഹർജി പട്ടിക വസ്തു Shared Household ആണ് എന്ന് ഈ കോടതി കാണുന്നു. ആയതുകൊണ്ട് ഈ കേസിലെ എതിർകക്ഷി മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C വീട്ടിലും വസ്തുവിലും കയറി പോകരുത് എന്നും ഹർജിക്കാരി മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C വീടും വസ്തുവും സമാധാനപരമായി കൈവശം വെക്കുന്നത് യാതൊരു രീതിയിലും തടസപ്പെടുത്തരുത് എന്നും ഹർജിക്കാരിയെ മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C നമ്പർ വീട്ടിൽ നിന്നും വസ്തുവിൽ നിന്നും നിയമപ്രകാരം അല്ലാതെ (Otherwise than by procedure established by law ) ഒഴിപ്പിക്കരുത് എന്നും ഈ കോടതി ഇതിനാൽ ഉത്തരവാകുന്നു.

24. ഈ കേസിലെ ഹർജിക്കാരിക്ക് 25 പവൻ സ്വർണാഭരണങ്ങൾ ഹർജിക്കാരിയുടെ വീട്ടുകാർ വിവാഹ സമയത്ത് സമ്മാനമായി നൽകിയിരുന്നു എന്നും ആയത് എതിർകക്ഷി സ്വന്തം ആവശ്യങ്ങൾക്ക് എടുത്തു ഉപയോഗിച്ചിട്ടുള്ളതാണ് എന്നും ആയത് തിരികെ ലഭിക്കുവാനോ, അല്ലെങ്കിൽ ആയതിന്റെ തത്തുല്യമായ വില തിരികെ ലഭിക്കുവാനോ ഹർജിക്കാരിക്ക് അർഹതയുണ്ട് എന്ന് ഹർജി ഭാഗത്തു നിന്നും വാദിച്ചു വന്നിട്ടുള്ളതാണ്. ഹർജിക്കാരിയുടെ ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ വിവാഹ സമയത്ത് 25 പവൻ സ്വർണ്ണാഭരണങ്ങൾ എനിക്ക് മാതാപിതാക്കളും ബന്ധുക്കളും നൽകിയിരുന്നു വസ്തു വാങ്ങുന്നതിന് 25 പവൻ സ്വർണാഭരണങ്ങളും എന്റെ കൈവശത്തിൽ നിന്നും എതിർകക്ഷി വാങ്ങിച്ചിരുന്നു. ഈ സ്വർണാഭരണങ്ങൾ മുഴുവൻ എതിർകക്ഷി വിൽക്കുകയും വിൽപ്പന ചെയ്തു കിട്ടിയ മുഴുവൻ സംഖ്യയും വസ്തു വാങ്ങുന്നതിന് ഉപയോഗിക്കുകയും ചെയ്തിരുന്നു എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. എതിർവിസ്താരത്തിൽ ബഹുമാനപ്പെട്ട കണ്ണൂർ കുടുംബ കോടതി മുമ്പാകെ OP 154/2024 നമ്പർ ഹർജിയിൽ കൊടുത്ത മൊഴിയിൽ എന്റെ ഭർത്താവ് 25 പവൻ സ്വർണ്ണം കുറച്ച് ഭാഗം പണയപ്പെടുത്തിയിരുന്നു പിന്നെ അത് തിരിച്ചെടുക്കാൻ പറ്റാത്തതുകൊണ്ട് വിൽക്കുകയാണ് ചെയ്തത് എന്നാണ് മൊഴികൊടുത്തത് എന്നും മുഴുവൻ വിൽക്കുകയാണ് ചെയ്തത്. കുറച്ചുകാലം സ്വർണ്ണം ബാങ്കിൽ ഉണ്ടായിരുന്നു. പിന്നെ അതും കൂടി എടുത്ത് വിൽപന നടത്തി എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. എതിർ വിസ്താരത്തിൽ 25 പവൻ സ്വർണ്ണത്തിന്റെ

ബിൽ കോടതി മുമ്പാകെ ഞാൻ ഹാജരാക്കിട്ടില്ല എന്ന് മൊഴി തന്നിട്ടുള്ളതാണ്. 25 പവൻ സ്വർണ്ണം ഇനവും തരവും തിരിച്ച് ഞാൻ ഹർജിയിൽ പ്രസ്താവിച്ചിട്ടില്ല എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഇവിടെ ഹർജിക്കാരിയുടെ എതിർവിസ്താരത്തിൽ Ext. P2 മുതൽ Ext. P13 വരെ ഉള്ള രേഖകൾ പരിശോധിച്ചാൽ സ്വർണ്ണം പണയം വെച്ചത് ഹർജിക്കാരിയുടെ പേരിലാണ് എന്ന് കാണും എതിർകക്ഷിയുടെ പേരിൽ സ്വർണം പണയം വെച്ചിട്ടില്ല എന്നും എതിർകക്ഷിയുടെ നിർദ്ദേശപ്രകാരം ഹർജിക്കാരിയാണ് സ്വർണ്ണം പണയം വെച്ചത് എന്നും ഹരജിക്കാരി തന്നെ സമ്മതിച്ചിട്ടുള്ളതാണ്. ഹർജിക്കാരി, സ്വർണ്ണാഭരണങ്ങളുടെ ഫോട്ടോഗ്രാഫ്സ്, ബില്ലോ മറ്റ് രേഖകളൊന്നും തന്നെ കോടതി മുമ്പാകെ ഹാജരാക്കിയിട്ടില്ലാത്തതാണ്.

25. ഇവിടെ 25 പവൻ സ്വർണാഭരണങ്ങൾ ഹർജിക്കാരിയുടെ മാതാപിതാക്കൾ ഹർജിക്കാരിക്ക് വിവാഹസമയത്ത് നൽകി എന്നും ആയത് എതിർകക്ഷിയെ ഏൽപ്പിച്ചു എന്നും ആയത് എതിർകക്ഷി സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നും ഹർജിക്കാരിക്ക് തെളിയിക്കാൻ പറ്റിയിട്ടില്ലാത്തതാണ്. ഇവിടെ 25 പവൻ സ്വർണ്ണാഭരണങ്ങൾ ഹർജിക്കാരിക്ക് ഉണ്ടായിരുന്നു എന്നും അവ ഈ കേസിലെ എതിർകക്ഷിയെ entrust ചെയ്തു എന്നും തെളിയിക്കുന്നതിൽ ഹരജി ഭാഗം പരാജയപ്പെട്ടിരിക്കുന്നു, ആയതുകൊണ്ട് തർക്കവിഷയം 3 ഹർജിക്കാരിക്കെതിരെ ഈ കോടതി കാണുന്നു.

26. ഇവിടെ ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മകളായ ഫാത്തിമത്ത് സഫാ എന്നിവർക്ക് പ്രതിമാസം 15000 രൂപ ചിലവിന് വേണം എന്നാണ് ഹരജി ഭാഗത്തു നിന്നും വാദിച്ചുവന്നിട്ടുള്ളത്. ഇവിടെ ഹർജി ഭാഗത്തു നിന്നും ഹർജിയിൽ ഈ കേസിലെ എതിർകക്ഷിക്ക് ഗൾഫിൽ സ്ഥിര വരുമാനമുള്ള ജോലിയാണ് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ടിയാന് പ്രതിമാസം 1 ലക്ഷം രൂപ ശമ്പളം ഉണ്ട് എന്നും ടിയാന് 15000 രൂപ കുട്ടിക്ക് കൊടുക്കുവാൻ കെൽപ്പ് ഉണ്ട് എന്നും, ടിയാൻ ആരോഗ്യ ദൃഢഗാത്രനായ ഒരു പുരുഷനാണ് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഹർജി ഭാഗത്തു നിന്നും ഒന്നാം ഹർജിക്കാരി ബോധിപ്പിച്ച ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ എതിർകക്ഷി ഇപ്പോഴും ഗൾഫിൽ സ്വന്തമായി ബിസിനസ് ചെയ്തു വരുന്നുണ്ട് ബിസിനസ്സിൽ നിന്നും പ്രതിമാസം 1,00,000 രൂപ വരുമാനം ലഭിക്കുന്നുണ്ട് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. PW 1ന്റെ എതിർ വിസ്താരത്തിൽ എതിർകക്ഷിക്ക് ഗൾഫിൽ സൂപ്പർമാർക്കറ്റാണ് എന്നാണ് എന്റെ അറിവ്. എനിക്ക് സൂപ്പർമാർക്കറ്റിന്റെ പേര് അറിയില്ല. ഷാർജയിലാണ് സൂപ്പർ മാർക്കറ്റ് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ആക്ഷേപത്തിൽ എതിർകക്ഷി ഗൾഫിൽ ചെറിയ ഒരു കടയിൽ സെയിൽസ്മാൻ ആയി , ജോലി ചെയ്തു വരിക ആണ് എന്നും 20,000 രൂപ മാത്രമാണ് പ്രതിമാസം ശമ്പളം ലഭിക്കുന്നത് എന്നും ആയത് എതിർകക്ഷിയുടെ ചെലവിന് തന്നെ തികയുന്നില്ല എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്.

27. **ബഹുമാനപ്പെട്ട സുപ്രീം കോടതിJabsir Kaur Sehgal v. District Judge Dehradun and Others, JT 1997 (7) SC 531: 1997 (7) SCC 7:** എന്ന

വിധിന്യായത്തിൽ ഇപ്രകാരം പ്രസ്താവിച്ചതിരിക്കുന്നു ."*The court has to consider the status of the parties, their respective needs, the capacity of the husband to pay having regard to his reasonable expenses for his own maintenance and of those he is obliged under the law and statutory but involuntary payments or deductions. The amount of maintenance fixed for the wife should be such as she can live in reasonable comfort considering her status and the mode of life she was used to when she lived with her respondent and also that she does not feel handicapped in the prosecution of her case. At the same time, the amount so fixed cannot be excessive or extortionate*"

**28. ബഹുമാനപ്പെട്ട സുപ്രീം കോടതി ,Rejanish v Neha AIR 2021 SC 56** എന്ന വിധിന്യായത്തിൽ ഇപ്രകാരം പ്രസ്താവിച്ചതിരിക്കുന്നു "78 "The income of one party is often not within the knowledge of the other spouse. The Court may invoke S.106 of the Evidence Act, 1872 if necessary,since the income, assets and liabilities of the spouse are within the personal knowledge of the party concerned.(g) If during the course of proceedings, there is a change in the financial status of any party, or there is a change of any relevant circumstances, or if some new information comes to light, the party may submit an amended / supplementary affidavit, which would be considered by the court at the time of final determination.(h) The pleadings made in the

applications for maintenance and replies filed should be responsible pleadings; if false statements and misrepresentations are made, the Court may consider initiation of proceeding under S.340 Cr.P.C., and for contempt of Court. "

“III Criteria for determining quantum of maintenance (i) The objective of granting interim / permanent alimony is to ensure that the dependant spouse is not reduced to destitution or vagrancy on account of the failure of the marriage, and not as a punishment to the other spouse. There is no straitjacket formula for fixing the quantum of maintenance to be awarded. The factors which would weigh with the Court inter alia are the status of the parties; reasonable needs of the wife and dependant children; whether the applicant is educated and professionally qualified; whether the applicant has any independent source of income; whether the income is sufficient to enable her to maintain the same standard of living as she was accustomed to in her matrimonial home; whether the applicant was employed prior to her marriage; whether she was working during the subsistence of the marriage; whether the wife was required to sacrifice her employment opportunities for nurturing the family, child rearing, and looking after adult members of the family; reasonable costs of litigation for a non - working wife”

29. ഈ കേസിലെ ഹർജിക്കാരി ഹർജിയിൽ എതിർകക്ഷിക്ക് ഗൾഫിലാണ് ജോലിയെന്നും പ്രതിമാസം 1 ലക്ഷം രൂപ ശമ്പളമുണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഹർജിക്കാരി ബോധിപ്പിച്ച ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ ഈ കേസിലെ എതിർകക്ഷിക്ക് ഗൾഫിൽ ബിസിനസ് ആണ് എന്നും പ്രതിമാസം 1,00,000/- രൂപ ബിസിനസ്സിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ട് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ആയതിന് ശേഷം ഹർജിക്കാരി ബോധിപ്പിച്ചിട്ടുള്ള ആസ്തി ബാധ്യതകളുടെ സത്യവാങ്മൂലത്തിൽ ഈ കേസിലെ എതിർകക്ഷിക്ക് ഗൾഫിൽ ബിസിനസ്സാണ് എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. എതിർകക്ഷിയുടെ വരുമാനം 1 ലക്ഷം രൂപ പ്രതിമാസമാണ് എന്നാണ് കാണിച്ചിട്ടുള്ളത്. ഈ കേസിലെ എതിർകക്ഷി ആക്ഷേപത്തിൽ തനിക്ക് ഗൾഫിൽ സെയിൽസ്മാൻ ആയിട്ടാണ് ജോലി പ്രതിമാസം 20000 രൂപയെ വരുമാനമുള്ളൂ എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ് . RW 1 എന്നിവർ തന്റെ ആദ്യ വിസ്താര സത്യവാങ്മൂലത്തിലും ഈ കേസിലെ എതിർകക്ഷിക്ക് ഗൾഫിൽ ചെറിയ ഒരു കടയിൽ സെയിൽസ്മാൻ ആയി ആണ് ജോലി, പ്രതിമാസം 20,000 രൂപ മാത്രം ആണ് വരുമാനമുള്ളത് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്, ആയതുപോലെ തന്നെ എതിർകക്ഷി ബോധിപ്പിച്ചിട്ടുള്ള ആസ്തി ബാധ്യതകളുടെ സത്യവാങ്മൂലത്തിലും അപ്രകാരം യാതൊന്നും തന്നെ പ്രസ്താവിച്ചിട്ടില്ല. ടിയാന്റെ ജോലിയെക്കുറിച്ചോ വരുമാനത്തെക്കുറിച്ചോ പ്രസ്താവിച്ചിട്ടില്ലാത്തതാണ് . ഇവിടെ ഈ കേസിലെ എതിർകക്ഷി വർഷങ്ങളായി ഗൾഫിൽ ജോലി ചെയ്തുവരികയാണ്.

എന്ന് കോടതി മുമ്പാകെ ബോധ്യപ്പെട്ടിട്ടുള്ള വസ്തുതയാണ് അപ്രകാരം ഇത്രയും വർഷം ഗൾഫിൽ ജോലി ചെയ്ത ഒരാൾ പ്രതിമാസം 20000 രൂപയ്ക്ക് ഗൾഫിൽ ജോലി ചെയ്യുന്നു എന്ന് വിശ്വസിക്കതക്കതല്ല.

30. ഈ കേസിലെ എതിർകക്ഷി തന്റെ ശരിയായ വരുമാനം കോടതി മുമ്പാകെ വെളിവാക്കിയിട്ടില്ല എന്ന് ഈ കോടതി ഇതിനാൽ കാണുന്നു. ഇവിടെ ഹർജി ഭാഗത്ത് നിന്നും ഹരജിക്കാരി, എതിർകക്ഷിക്ക് പ്രതിമാസം 1 ലക്ഷം രൂപ വരുമാനമായി ഉണ്ട് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. എതിർകക്ഷിയുടെ വരുമാനം എന്താണ് എന്നുള്ളത് എതിർകക്ഷിയുടെ തന്നെ അറിവിൽപ്പെട്ട ഒരു കാര്യമാണ്, അപ്രകാരം ഉള്ളൊരു കാര്യം എതിർകക്ഷി ഈ കോടതി മുമ്പാകെ സത്യസന്ധമായി ബോധിപ്പിച്ചിട്ടില്ലാത്തതാണ്. ആയതുകൊണ്ട് ഈ കേസിൽ എതിർകക്ഷിയുടെ NOTIONAL INCOME 1 ലക്ഷം രൂപ ഉണ്ട് എന്ന് ഈ കോടതി ഇതിനാൽ കാണുന്നു.

31. ഈ കേസിലെ ഹർജിക്കാരി, എതിർവിസ്താരത്തിൽ തളിപ്പറമ്പ് മന്ന എന്ന് പറയുന്ന സ്ഥലത്ത് ഒന്നര വർഷമായി ഒരു ബ്യൂട്ടി പാർലർ നടത്തുന്നുണ്ട് എന്ന് സമ്മതിച്ചിട്ടുള്ളതാണ്. നിലവിൽ സ്റ്റാഫ് 2 പേരുണ്ട്, ഞാൻ അടക്കം 3 പേരുണ്ട്, സ്ഥിരം ശമ്പളം ഉള്ള ഒരു സ്റ്റാഫിന് മാത്രമാണ് വരുമാനം അനുസരിച്ചാണ് ശമ്പളം കൊടുക്കുന്നത് സ്ഥിര വരുമാനം കൊടുക്കുന്ന ആളുടെ പേര് അഹമ്മദ് അലി എന്നാണ് അദ്ദേഹത്തിന് മാത്രം 40000 രൂപയാണ് ശമ്പളം കൊടുക്കുന്നത്. പുതിയ

സംരംഭം ആയതുകൊണ്ട് കസ്റ്റമർ വളരെ കുറവാണ്. 7500 രൂപയാണ് എനിക്ക് കിട്ടുന്നത്. അത് ഞാൻ ആസ്തി ബാധ്യതകളുടെ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്റെ പേരിൽ ഒരു കാറും 2 സ്കൂട്ടറുമുണ്ട്. തളിപ്പറമ്പിലെ സ്ഥാപനത്തിന്റെ വാടക 26,000 രൂപയാണ് എന്ന് പ്രസ്താവിച്ചുള്ളതാണ്. ഹർജിക്കാരിയുടെ ആസ്തി ബാധ്യതകളുടെ സത്യവാങ്മൂലത്തിൽ ഹർജിക്കാരി ബ്യൂട്ടി പാർലർ നടത്തുന്നുണ്ട് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയുടെ മാസ വരുമാനം 7500 രൂപയാണ് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഹരജിക്കാരി KL 59 S 5492 KL 59 S 6982 നമ്പർ സ്കൂട്ടറുകളുടെ ഉടമയാണ് എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയുടെ പേരിൽ KL 59 J 256 നമ്പർ Alto വാഹനമുണ്ട് എന്നും ആയത് ഹരജിക്കാരിയുടെ ബന്ധുവായ ഒരാളാണ് ഉപയോഗിക്കുന്നത് എന്നും, ടിയാനാണ് ലോണടയ്ക്കുന്നത് എന്നും പ്രസ്താവിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയുടെ തൊഴിലിൽ നിന്നും/ ബിസിനസിൽ നിന്നും ഉള്ള വരുമാനം പ്രതിമാസം 20000/- രൂപയാണ് എന്നാണ് ആദ്യ വിസ്താര സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിട്ടുള്ളത്. പക്ഷേ ഇവിടെ ഹർജിക്കാരി തന്നെ താൻ പ്രതിമാസം 26000 രൂപ വാടക കൊടുക്കുന്നുണ്ട് എന്നും തനിക്ക് 2 സ്റ്റാഫ് ഉണ്ട് എന്നും അതിൽ ഒരു സ്റ്റാഫിന് പ്രതിമാസം 40000/- രൂപ ശമ്പളം കൊടുക്കുന്നുണ്ട് എന്നും സമ്മതിച്ചിട്ടുള്ളതാണ്. ഇവിടെ 26,000/- രൂപ വാടക കൊടുക്കുന്നതും 40000/- രൂപ ശമ്പളം പ്രതിമാസം കൊടുക്കുന്നതും ആയ ഒരാൾ പ്രതിവർഷം ആ ബിസിനസ്സിൽ നിന്നും 20,000 രൂപ മാത്രമാണ് ലാഭമുണ്ടാക്കുന്നത് എന്ന് പറഞ്ഞാൽ വിശ്വസനീയമല്ല. ആയതുപോലെതന്നെ

ഇപ്രകാരം വാടകയും ശമ്പളവും കൊടുക്കുന്ന ഒരാൾക്ക് പ്രതിമാസം 7500 രൂപ മാത്രമേ സിദ്ധിക്കുന്നുള്ളൂ എന്ന് ആസ്തി ബാധ്യതകളുടെ സത്യവാങ്മൂലത്തിൽ പ്രസ്താവിച്ചിട്ടുള്ളത് വിശ്വാസയോഗ്യമല്ല. ഹർജിക്കാരിയുടെ വരുമാനവും ഹർജിക്കാരിക്ക് വ്യക്തമായി അറിവുള്ളൊരു കാര്യമാണ്. ആയതിനെ സംബന്ധിച്ച്, ഈ കോടതി മുമ്പാകെ ഹർജിക്കാരി സത്യസന്ധമായി ബോധിപ്പിച്ചിട്ടില്ലാത്തതാണ് ഈ കേസിലെ ഹർജിക്കാരിയുടെ NOTIONAL INCOME പ്രതിമാസം 80000/- രൂപ ആയി ഈ കോടതി കാണുന്നു.

32. ബഹുമാനപ്പെട്ട സുപ്രീം കോടതി ,Noor Saba Khatoon vs Mohd. Quasim - 1997 Supreme(SC) 1022, 1997 AIR(SC) 3280 ; എന്ന കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതാണ്. Apart from the statutory provisions referred to above, even under the Muslim Personal Law, the right of minor children to receive maintenance from their father, till they are able to maintain themselves, is absolute. Prof. Tahir Mahmood, in his book "Statute-Law relating to Muslims in India" (1995 Edn.) while dealing with the effect of the provisions of Section 125 Cr.P.C. on the 1986 Act and the Muslim personal law observes at page 198: "These provisions of the Code remain fully applicable to the Muslims, notwithstanding the controversy resulting from the Shah Bano case and the enactment of the Muslim Women (Protection of Rights on Divorce) Act, 1986.

There is nothing in that Act in any way affecting the application of these provisions to the children and parents governed by Muslim law............

As regards children, the Code adopts the age of minority from the Majority Act, 1875 by saying: "Minor means a person who, under the provisions of the Indian Majority Act, 1875 (9 of 1875) is deemed not to have attained his majority" - [Explanation to section 125(1), clause (a)]. Ordinarily, thus, every Muslim child below 18 can invoke the Cr.P.C. law to obtain maintenance from its parents if they "neglect or refuse to maintain it despite "having sufficient means"......

.........................................

..........................................

By Muslim law maintenance (nafaqa) is a birth right of children and an absolute liability of the father. Daughters are entitled to maintenance till they get married if they are bakira (maiden), or till they get remarried if they are thayiba (divorcee/widow). Sons are entitled to it till they attain bulugh if they are normal; and as long as necessary if they are handicapped or indigent. Providing maintenance to daughters is a great religious virtue. The Prophet had said:

"Whoever has daughters and spends all that he has no their upbringing well, on the Day of Judgment, be as close to me as two fingers of a hand".

If a father is a poverty-stricken and cannot therefore provide maintenance to his children, while their mother is affluent, the mother must provide them maintenance subject to reimbursement by the father when his financial condition improves".

(Emphasis supplied]

Thus, both under the personal law and the statutory law (Sec.125 Cr.P.C.) the obligation of a muslim father, having sufficient means, to maintain his minor children, unable to maintain themselves, till they attain majority and in case of females till they get married, is absolute, notwithstanding the fact that the minor children are living with the divorced wife.

33. ഇവിടെ ഈ കേസിലെ ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മകളായ ഫാത്തിമത്ത് സഫ എന്നിവർ പ്ലസ് ടുവിനാണ് പഠിക്കുന്നത്. കണ്ണൂർ ഗവൺമെന്റ് സ്കൂളിലാണ് പ്ലസ്ടുവിന് പഠിക്കുന്നത്. ടിയാരിക്ക് പ്രതിമാസം 15000/- രൂപ മാസം ചെലവിന് വേണമെന്നാണ് ഹർജി ഭാഗത്തു നിന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കേസിലെ ഹർജിക്കാരിയുടെയും എതിർകക്ഷിയുടെയും മകളായ ഫാത്തിമത്ത് സഫ എന്നിവരുടെ പ്രായം വിദ്യാഭ്യാസ ആവശ്യങ്ങൾ,

യാത്ര ചെലവ്, വസ്ത്രം മറ്റ് അനുബന്ധ ചെലവുകൾ എന്നിവ പരിഗണിച്ച് ഈ കേസിലെ എതിർകക്ഷി ഹർജി തീയതി മുതൽ പ്രതിമാസം 5000/- രൂപ ഫാത്തിമത്ത് സഫ എന്നിവർക്ക് നൽകേണ്ടതാണ് എന്ന് ഈ കോടതി ഇതിനാൽ കാണുന്നു. തർക്കവിഷയം 4 ഹർജിക്കാരിക്ക് അനുകൂലമായി ഈ കോടതി കാണുന്നു.

34. ഹരജി ഭാഗത്തു നിന്നും ഹർജിക്കാരി അനുഭവിച്ച ഗാർഹിക പീഡനങ്ങൾ മൂലം ഉണ്ടായ മാനസിക ആഘാതത്തിന് നഷ്ടപരിഹാരമായി 15 ലക്ഷം രൂപ വേണം എന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഈ കേസിലെ എതിർകക്ഷി ഭാഗത്തുനിന്നും ഹരജിക്കാരി യാതൊരു രീതിയിലുള്ള ഗാർഹിക പീഡനത്തിനും വിധേയ ആയിട്ടില്ല എന്ന് വാദിച്ചു വന്നിട്ടുള്ളതാണ്. ഇവിടെ ഹരജിക്കാരി ഗാർഹിക പീഡനത്തിന് വിധേയ ആയിട്ടുണ്ട് എന്ന് നേരത്തെ തന്നെ കോടതി കണ്ടെത്തിയിട്ടുള്ളതാണ്. ഇനി അപ്രകാരം ഉണ്ടായ മാനസിക ആഘാതത്തിന് നഷ്ടപരിഹാരമായി ഹർജിക്കാരിക്ക് എത്ര രൂപ ലഭിക്കുവാൻ അർഹതയുണ്ട് എന്നാണ് തീരുമാനിക്കപ്പെടേണ്ടത്. Section 22 , Protection of Women From Domestic Violence Act , 2005 പ്രകാരം നഷ്ടപരിഹാരം ലഭിക്കുവാനുള്ള മാനദണ്ഡം എന്താണ് എന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട ബോംബെ ഹൈക്കോടതി **Kaushal Arvind Thakker v. Jyoti Kaushal Thakker 2024 KHC 9002,** കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളത് ആകുന്നു *"The grant of compensation is in addition to the other reliefs which may be granted.*

*Compensation is to be granted for the injuries including mental torture and emotional distress caused by the acts of Respondent. The amount is granted as a recompense not only for the physical injuries but also for mental torture and emotional distress. So how does one quantify the compensation to be granted for mental torture and emotional distress. For obvious reasons there cannot be a strait jacket formula applicable to all and the quantum will differ according to the facts of each case. In my view, while determining the quantum of compensation, one of the factors which can be considered is the impact of the acts of domestic violence on the aggrieved person. Although the abuse will necessarily result in mental torture and emotional distress for the aggrieved person, the gravity will differ from person to person"*ബഹുമാനപ്പെട്ട കേരള ഹൈക്കോടതി **Bobby Michael v Shiny Michael, 2022 3 KHC 644** കേസിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളത് ആകുന്നു 19 *"Learned counsel has also got a contention that there is no reason whatsoever to award Rs.1,00,000/- towards compensation to the petitioner. Since it has been found that the petitioner was subjected to domestic violence by the respondent and in view of the nature of ill - treatment and harassment meted out at the instance of the respondent, the learned Magistrate awarded Rs.1,00,000/- towards compensation to the petitioner which was confirmed by the Appellate Court*

*also. There is no illegality or impropriety in the said order warranting any interference by the revisional Court with its limited jurisdiction. Hence, no interference is called for in that regard also".*

35. ഇവിടെ ഹർജിക്കാരിയുടെ ചാരിത്ര്യത്തെ സംബന്ധിച്ച് എതിർകക്ഷി അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട് എന്നും ഹർജിക്കാരിയെ ക്രൂരമായ ശാരീരിക ഗാർഹിക പീഡനത്തിന് വിധേയമാക്കിയിട്ടുണ്ട് എന്നും നേരത്തെ തന്നെ ഈ കോടതി കണ്ടിട്ടുള്ളതാണ്. ആയതുകൊണ്ട് ടി ഗാർഹിക പീഡനങ്ങൾ മൂലം ഉണ്ടായ മാനസിക ആഘാതത്തിന് നഷ്ടപരിഹാരമായി 1 ലക്ഷം രൂപ ലഭിക്കുവാൻ ഹരജിക്കാരിക്ക് അർഹതയുണ്ടെന്ന് ഈ കോടതി ഇതിനാൽ കാണുന്നു. തർക്ക വിഷയം 5 ഈ കോടതി ഹരജിക്കാരിക്ക് അനുകൂലമായി കാണുന്നു .

36. ഫലത്തിൽ താഴെ പറയും പ്രകാരം ഹരജി ഭാഗികമായി അനുവദിച്ചിരിക്കുന്നു

i) എതിർകക്ഷി ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിക്കരുത് എന്നും

ii) ഈ കേസിലെ എതിർകക്ഷി മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C വീട്ടിലും വസ്തുവിലും കയറി പോകരുത് എന്നും. ഹർജിക്കാരി മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C വീടും വസ്തുവും സമാധാനപരമായി കൈവശം വെക്കുന്നത്.യാതൊരു രീതിയിലും തടസപ്പെടുത്തരുത് എന്നും ഹർജിക്കാരിയെ മയ്യിൽ ഗ്രാമപഞ്ചായത്ത് നമ്പർ MP IV 422 C നമ്പർ വീട്ടിൽ

നിന്നും വസ്തുവിൽ നിന്നും നിയമപ്രകാരം അല്ലാതെ. (Otherwise than by procedure established by law ) ഒഴിപ്പിക്കരുത് എന്നും

iii) എതിർകക്ഷി ഹർജി തീയതി മുതൽ പ്രതിമാസം 5000/- രൂപ ഫാത്തിമത്ത് സഫ എന്നിവർക്ക് നൽകേണ്ടതാണ് എന്നും

iv) ഗാർഹിക പീഡനങ്ങൾ മൂലം ഉണ്ടായ മാനസിക ആഘാതത്തിന് നഷ്ടപരിഹാരമായി 1 ലക്ഷം രൂപ എതിർകക്ഷി ഹർജിക്കാരിക്ക് നല്കണം എന്നും ഈ കോടതി ഇതിനാൽ ഉത്തരവാകുന്നു.

Sd/-

**ന്യായാധികാരി**

**അനുബന്ധം:**

**പരാതിക്കാർക്കുവേണ്ടി സാക്ഷികളെ പരിശോധിച്ചു** :-

PW 1:-നജ്മ പി പി

**പരാതിക്കാർ അടയാളപ്പെടുത്തിയ തെളിവുകൾ :-**

Ext P1:-Certified copy of Deposit/ pay in slip from SBI

Ext P2:- Certified copy of Gold loan statement from Mayyil Service Co operative Bank

Ext P3:-Certified copy of Gold loan statement from Mayyil Service Co

operative Bank

Ext P4:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P5:Certified copy of Gold loan statement from Mayyil Service Co operative Bank

Ext P6:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P7:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P8:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P9:-TCertified copy of Gold loan statement from Mayyil Service Co operative Bank

Ext P10:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P11:-TCertified copy of Gold loan statement from Mayyil Service Co operative Bank

Ext P12:-Certified copy of Gold loan statement from Mayyil Service Co operative Bank

Ext P13:-Certified copy of the Report submitted by Advocate Commissioner appointed in OP 145/2024 of Family Court.

**<u>എതൃകക്ഷി ഭാഗം തെളിവ് നൽകിയ സാക്ഷി :-</u>**

RW 1:- ആലി കുഞ്ഞ്

**<u>എതൃകക്ഷി ഭാഗം മാർക്ക് ചെയ്ത രേഖകൾ :-</u>**

Ext D1:- Photo copy of Power of Attorney

Ext D 2:- Certified copy of Power of Attorney

**//True copy//**

**ന്യായാധികാരി**